(സി) ഈ കോളേജ് സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്നു അറിയിക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ, ഗാർഡ്, പ്രിവന്റീവ് ഓഫീസർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥന്മാർക്ക് തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ പരിശീലനം നൽകുന്നുണ്ട്. ഇപ്പോൾ 18 പ്രിവന്റീവ് ഓഫീസർമാർക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ പരിശീലനം നൽകുന്നുണ്ട്.

(ബി) ഉൾപ്പെടുത്തിയിരുന്നു.

(സി) ഒൻപതാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി (VIII സാമ്പത്തിക കാര്യങ്ങൾ) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമതു റിപ്പോർട്ടിൽ (ധനാഭ്യർത്ഥന. V) എക്സൈസ് വകുപ്പിന് പ്രത്യേകമായി ട്രെയിനിംഗ് കോളേജ് തുടങ്ങുന്നതു പ്രായോഗികമല്ല എന്ന ശുപാർശ അംഗീകരിച്ചുകൊണ്ട് ഇപ്പോഴത്തെപ്പോലെ പോലീസ് ട്രെയിംഗ് കോളേജിൽ നൽകുന്ന പരിശീലനസൗകര്യം തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

37 (2594) സ്പിരിറ്റ് പിടിച്ചെടുത്ത സംഭവം

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ ചാരുംമൂട് വച്ച് KA3-62407 നമ്പർ ലോറിയും 5040 ലിറ്റർ റെക്ടിഫൈഡ് സ്പിരിറ്റും പോലീസ് പിടിച്ചെടുത്തത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സ്പിരിറ്റ് ആർക്കുവേണ്ടിയാണ് കൊണ്ടുവന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കുവേണ്ടിയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ലോറിയും സ്പിരിറ്റും പല ചെക്ക്പോസ്റ്റുകളും സുരക്ഷിതമായി കടന്ന് ചാരുംമൂട് വരെ എത്തിയതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കെ.എ3-62407 എന്ന നമ്പർ ലോറിയും സ്പിരിറ്റും പിടിച്ചെടുത്തത് സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്.

(ബി) 26/6/1999-ാം തീയതി രാത്രി 2 മണിക്ക് ചാരുംമൂട് ജംഗ്ഷനിൽ വച്ച് നൂറനാട് എസ്.ഐ.യും പാർട്ടിയും കെ.എ3-62407-ാം നമ്പർ ലോറി പരിശോധിച്ചതിൽ ലോറിയിൽ ഒളിപ്പിച്ചുവച്ചിരുന്ന 5040 ലിറ്റർ സ്പിരിറ്റ് കണ്ടെത്തുകയും ഈ വാഹനത്തേയും ലോറി ഡ്രൈവർ സലിമോൻ, ബിനു മാത്യു എന്നിവരെ അറസ്റ്റ് ചെയ്തു കസ്റ്റഡിയിലെടുക്കുകയും നൂറനാട് പി.എസ്. ക്രൈം 155/99 ആയി അബ്കാരി ആക്ടിലെ സെക്ഷൻ 8(1) (2) 55 എ എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി ലോറിയും സ്പിരിറ്റും കോടതിയിൽ ഹാജരാക്കുകയും കോടതിയുടെ നിർദ്ദേശപ്രകാരം വാഹനവും സ്പിരിറ്റും മാവേലിക്കര എക്സൈസ് ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേസ്സിന്റെ അന്വേഷണം മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഏറ്റെടുത്ത് നടത്തിവരികയാണ്.

(സി) അന്വേഷണം നടന്നുവരുന്നു. പൂർത്തിയായിട്ടില്ല.

(ഡി) ഗൗരവമായിത്തന്നെ അന്വേഷണം നടത്തുന്നുണ്ട്.

38 (2595) പോലീസ്/എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം അബ്കാരി കോൺട്രാക്ടർമാർ പോലീസുകാർക്കും എക്സൈസ് ഉദ്യോഗസ്ഥൻമാർക്കും 'മാസപ്പടി' നൽകിയതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇപ്രകാരം മാസപ്പടി നൽകുകയും അതു സ്വീകരിക്കുകയും ചെയ്തവരുടെ മേൽ എന്തു നടപടിയെടുത്തിട്ടുണ്ട്;

(സി) ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പത്തനംതിട്ട ജില്ലയിൽ അബ്കാരി കോൺട്രാക്ടർമാർ എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് 'മാസപ്പടി' നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ആരോപണവിധേയരായ ഏഴ് എക്സൈസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

39 (2596) എൻ.എം.ആർ. ജീവനക്കാർക്ക് ഹയർഗ്രേഡ് ആനുകൂല്യം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ജി.ഒ.(പി) 899/98(155)/ധന. തീയതി. 10.3.1998 പ്രകാരം അനുവദിച്ചിട്ടുള്ള നാലാമത് സമയബന്ധിത ഹയർഗ്രേഡ് ആനുകൂല്യം പൊതുമരാമത്തു വകുപ്പിലെ എൻ.എം.ആർ. ജീവനക്കാർക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവിന്റെ പ്രയോജനം എൻ.എം.ആർ. ജീവനക്കാർക്കുകൂടെ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly